# കവിത പോലെ

സ്നേഹത്തിന്റെ വികാരം ആത്മാർഥതയാണ്. അതിന് കാപട്യമറിയില്ല. അതിനാലാണ് ദൈവം ആത്മാർഥമായത് മാത്രം ഇഷ്ടപ്പെടുന്നതും സ്വീകരിക്കുന്നതും.

ചുറുചുറുക്കോടെ, നന്നായി ജീവിക്കുക. ഏതായാലും മരിച്ചുപോകും. അഗാധമായി സ്നേഹിക്കുക. ഒരിക്കൽ വേർപിരിയേണ്ടിവരും. നിഷ്കളങ്കമായും ആത്മാർഥമായും കർമ്മം ചെയ്യുക. എങ്ങനെയായാലും കർമ്മത്തിനുള്ള പ്രതിഫലം അനുഭവിച്ചേ തീരൂ.

ഇത് ആപ്തവാക്യമല്ല. നമ്മുടെ ജീവിതത്തെ മുന്നോട്ട് നയിക്കേണ്ട കാഴ്ചപ്പാടുകളും രീതികളുമാണ്. വ്യക്തിമുദ്ര പതിപ്പിച്ചു വേണം ഈ ഭൂമിയിൽ നിന്ന് നമുക്ക് പിൻവാങ്ങുവാൻ. ദൈവം നമ്മെപ്പറ്റി സംതൃപ്തനായ അവസ്ഥയിലാകണം നമ്മുടെ മറുലോകപ്രവേശനം. അതിനുള്ള മൂന്ന് വഴികളാണ് സൂചിപ്പിച്ചത്. ധീരതയോടെ, നല്ലവനായി ജീവിക്കുക. നന്നായി സ്നേഹിക്കുക. ആത്മാർഥമായി കർമ്മം ചെയ്യുക.

എല്ലാവർക്കും ധീരമായി ജീവിക്കാനാകില്ല. കുഴപ്പവും ഭീകരതയും ഉണ്ടാക്കി ജീവിക്കുന്നതല്ല ധീരത. ഒരുതരം രോഗത്തിന്റെയും ഭീരുത്വത്തിന്റെയും അടയാളമാണത്. ധീരനെ നയിക്കുന്നത് അവന്റെ വിശ്വാസമായിരിക്കും. തന്റേടത്തോടു കൂടി നന്മ ചെയ്യുകയും ജനത്തിന്റെ ഐശ്വര്യം കാംക്ഷിക്കുകയും ചെയ്യുന്നതിനെക്കാൾ വലിയ ധീരത വേറെ ഒന്നുമില്ല. ദൈവത്തിൽ എല്ലാം അർപ്പിച്ചവന് പിന്നെ എന്താണ് ഈ ലോകത്ത് ഭയപ്പെടാനുള്ളത്! നന്മയെ സ്നേഹിക്കുന്നവനും മനുഷ്യരുടെ സേവകനുമായിരിക്കും അവൻ. ഭീരുവും അലസനും നിഷ്കർമിയുമായി ജീവിക്കുന്നതല്ല, നന്മ ചെയ്ത് ധീരതയോടെ ജീവിക്കലാണ്പുണ്യം. ചുറ്റുമുള്ളവർക്ക് സ്വയം പ്രകാശമായി മാറുക. അത്തരം ജീവിതത്തിനാണ് വ്യക്തിമുദ്ര പതിപ്പിക്കാൻ സാധിക്കുക.

പലതരം സ്നേഹമുണ്ട്. പലരും പലതിനേയും സ്നേഹിക്കാറുണ്ട്. സ്നേഹത്തിന്റെ അടിസ്ഥാനം ദൈവമാണ്. അല്ലാത്തതൊക്കെ താൽക്കാലികം. ദൈവത്തേയും നന്മയേയും സ്നേഹിക്കുന്നവനു മാത്രമേ മറ്റേതിനെയും ആത്മാർഥമായി സ്നേഹിക്കാൻ സാധിക്കുകയുള്ളു. ദൈവത്തെയാണ് ആദ്യം സ്നേഹിക്കേണ്ടത്. ജീവനും ജീവിതസംവിധാനവും തന്ന ദൈവത്തെയല്ലാതെ പിന്നെ ആരെയാണ് മനുഷ്യന് അധികം സ്നേഹിക്കാനുള്ളത്?

ദൈവത്തെ അകമഴിഞ്ഞ് സ്നേഹിക്കണം. മനുഷ്യരെ സ്നേഹിക്കണം. ജീവികളെ സ്നേഹിക്കണം. പ്രപഞ്ചത്തെ സ്നേഹിക്കണം. നന്മയെ സ്നേഹിക്കണം. എല്ലാറ്റിനും നമ്മിൽനിന്ന് സ്നേഹം കിട്ടണം. ആ സ്നേഹം അഗാധമായിരിക്കണം. അപ്പോൾ എല്ലാറ്റിൽ നിന്നും നമുക്കും സ്നേഹം കിട്ടും.

സ്നേഹത്തിന്റെ ഭാഗമാണ് ആത്മാർഥമായി കർമ്മം ചെയ്യൽ. സ്നേഹിക്കുന്ന ഒന്നിനുവേണ്ടിയാണ് സമർപ്പിക്കാൻ തയാറാകുക. കാപട്യവും അലസതയും അവിടെ പാപമായി നാം വിലയിരുത്തും. കാരണം, സ്നേഹത്തിന്റെ വികാരം ആത്മാർഥതയാണ്. അതിന് കാപട്യമറിയില്ല. അതിനാലാണ് ദൈവം ആത്മാർഥമായത് മാത്രം ഇഷ്ടപ്പെടുന്നതും സ്വീകരിക്കുന്നതും.

സ്നേഹം, കർമം, ജീവിതം – ഇവ മൂന്നും ഒരിക്കലും നിരാശക്ക് നിമിത്തമാകരുത്. കാരണം, മരണവും വേർപാടും എപ്പോഴും ആകാമല്ലോ. ആ ചിന്തയോടെ ഇവിടെ പറഞ്ഞ മൂന്ന് കാര്യവും നമുക്ക് കൂട്ടിവായിച്ചു നോക്കാം. ദൈവത്തെയും മനുഷ്യരെയും നന്മയെയും തനിക്ക് ജീവിതരംഗമൊരുക്കിയ എല്ലാ നല്ലതിനെയും അഗാധമായി സ്നേഹിക്കുകയും ആത്മാർഥതയോടെ, ധീരമായി കർമ്മം ചെയ്ത് ചുറുചുറുക്കോടെ ജീവിക്കുകയും ചെയ്യുക. അവന്റെ ജീവിതത്തെയാണ് ദൈവം സാകൂതം നോക്കിയിരിക്കുന്നത്. മനുഷ്യർ അവന്റെ ജീവിതത്തെയാണ് സ്നേഹിക്കുന്നത്. പ്രപഞ്ചം അവന്റെ സാന്നിധ്യത്തെയാണ് ഇഷ്ടപ്പെടുന്നത്. ചരിത്രം അവനെയാണ് പിന്തുണക്കുന്നത്.

താൻ നാളെ തന്നെ മരിക്കുമെന്ന വിചാരം അവന്റെ കർമ്മങ്ങൾക്ക് ഭാവമേകണം. ദൈവം തനിക്കുള്ള പ്രതിഫലവുമായി കാത്തിരിക്കുന്നുണ്ടെന്ന ബോധം അവന്റെ കർമ്മങ്ങളെ സ്വാധീനിക്കണം. അത്തരക്കാരുടെ ജീവിതത്തിൽനിന്നാണ് നന്മ പ്രതീക്ഷിക്കാൻ സാധിക്കുക. നല്ലത് ചെയ്യാതെ ജനത്തോടൊപ്പം ജീവിക്കുന്നവൻ അവർക്ക് പ്രയാസമുണ്ടാക്കുന്നവനാണ്. അലസനായും ജനത്തോടൊപ്പം ജീവിക്കുന്നവൻ മരിച്ചതിന് തുല്യമാണ്.

ഇതാണ് മൊത്തത്തിൽ ഇന്നത്തെ സമൂഹത്തിൽ നാം കാണുന്നത്. ഓരോരുത്തരും സ്വയം നന്നാകുന്നതിലൂടെയാണ് സമൂഹത്തിന്റെ മാറ്റം സാധിക്കുക. അതിന്റെ അഭാവത്തിൽ സ്നേഹം വികാരം നഷ്ടപ്പെട്ടതും താൽക്കാലികവും ജീവിതം ആത്മാർഥതയില്ലാത്തതുമായി മറും. യാന്ത്രികമായ ഈ ജീവിതം നിരാശയും വേദനയുമായിരിക്കും നമുക്ക് നൽകുക.